Kottakkal
ayurveda

വൈദ്യരത്നം പി.എസ്. വാരിയരുടെ

# ആര്യവൈദ്യശാല, കോട്ടയ്ക്കൽ

## "ഡോ. എൻ.വി. കൃഷ്ണൻകുട്ടി വാരിയർ എൻഡോവ്മെന്റ്"
## പ്രബന്ധമത്സരം

## നിബന്ധനകൾ

1. ഈ പ്രബന്ധമത്സരം കേരളത്തിലെ ആയുർവേദകോളേജുകളിലെ ബിരുദവിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചുള്ളതാണ്. (ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ല)

2. ഈ പ്രബന്ധമത്സരത്തിന്റെ പേര് **"ഡോ. എൻ.വി. കൃഷ്ണൻകുട്ടി വാരിയർ എൻഡോവ്മെന്റ്"** എന്നാണ്.

3. 2017-ലെ പ്രബന്ധമത്സരത്തിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള വിഷയം **'ശാസ്ത്രപഠനം മാതൃഭാഷയിൽ'** എന്നതാണ്.

4. ആര്യവൈദ്യശാല നിയമിക്കുന്ന ഒരു കമ്മറ്റി ഒന്നും രണ്ടും സമ്മാനങ്ങൾക്ക് അർഹമായി പ്രഖ്യാപിക്കുന്ന പ്രബന്ധകർത്താക്കൾക്ക് യഥാക്രമം 6,000 രൂപയും 4,000 രൂപയും പ്രശംസാപത്രവും സമ്മാനമായി നൽകുന്നതാണ്. എന്നാൽ ഏതെങ്കിലും കൊല്ലത്തിൽ ഒന്നിലധികം പ്രബന്ധങ്ങൾ ഏറ്റവും നല്ലവയും തുല്യയോഗ്യതയുള്ളവയുമായി വിധിക്കപ്പെട്ടാൽ മൊത്തം സമ്മാനത്തുകയായ 10,000 രൂപ ആ പ്രബന്ധകർത്താക്കൾക്ക് തുല്യമായി വീതിക്കുന്നതാണ്. അപ്പോൾ രണ്ടാം സമ്മാനം ഉണ്ടായിരിക്കുന്നതല്ല. രണ്ടാം സമ്മാനത്തിന് അർഹമാകുന്ന പ്രബന്ധത്തെ സംബന്ധിച്ചാണ് ഇങ്ങനെയൊരവസ്ഥ ഉണ്ടാകുന്നതെങ്കിൽ, രണ്ടാം സമ്മാനത്തുകയായ 4,000 രൂപ ആ പ്രബന്ധകർത്താക്കൾക്ക് തുല്യമായി വീതിക്കുന്നതാണ്.

5. പ്രബന്ധം മൗലികവും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ഏതെങ്കിലും ഒന്നിൽ പത്ത് A4 size പേജിൽ കുറയാതെയും പതിനഞ്ച് A4 size പേജിൽ കൂടാതെയും തയ്യാറാക്കേണ്ടതാണ്. പ്രബന്ധങ്ങൾ പേജിന്റെ ഒരു പുറത്തുമാത്രം ടൈപ്പു ചെയ്തിരിക്കണം. പ്രബന്ധത്തോടൊപ്പം അര പേജിൽ കവിയാതെ പ്രബന്ധത്തിന്റെ ഒരു ചുരുക്കവും ഉണ്ടായിരിക്കണം.

6. പ്രബന്ധത്തിൽ ഒരിടത്തും രചയിതാവിന്റെ പേരോ മേൽവിലാസമോ ഉണ്ടായിരിക്കരുത്.

7. പ്രബന്ധത്തിന്റെ **നാലു കോപ്പികൾ,** കവറിന്മേൽ **"ഡോ. എൻ.വി. കൃഷ്ണൻകുട്ടി വാരിയർ പ്രബന്ധമത്സരം"** എന്നെഴുതി **"മാനേജിങ്ങ് ട്രസ്റ്റി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ, മലപ്പുറം ജില്ല, പിൻ - 676 503"** എന്ന മേൽവിലാസത്തിൽ **2017 ആഗസ്റ്റ് 25-ാം** തീയതിക്കുള്ളിൽ കിട്ടത്തക്കവിധം അതാത് കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടൊപ്പം അയക്കേണ്ടതാണ്.

8. സമ്മാനർഹമല്ലാത്ത പ്രബന്ധങ്ങൾ സാധാരണഗതിയിൽ തൽക്കർത്താക്കൾക്ക് തിരിച്ചയക്കുന്നതാണ്. എന്നാൽ ഇതൊരു ബാധ്യതയായി കണക്കാക്കിക്കൂടാ. പ്രബന്ധകർത്താക്കൾ ഓരോ കോപ്പി സ്വന്തമായി സൂക്ഷിക്കുന്നത് നന്നായിരിക്കും.

9. സമ്മാനാർഹമാകുന്ന പ്രബന്ധത്തിന്റെ പകർപ്പവകാശം ആര്യവൈദ്യശാലയ്ക്കായിരിക്കും

10. ഏതെങ്കിലും വർഷം സമ്മാനാർഹമായ നിലവാരമുള്ള പ്രബന്ധങ്ങളൊന്നും ലഭിച്ചിട്ടില്ലെന്ന് പരിശോധകർ വിധിക്കുന്നപക്ഷം ആ വർഷം സമ്മാനങ്ങൾ വേണ്ടെന്നു വെയ്ക്കാൻ ആര്യവൈദ്യശാലാ അധികൃതർക്ക് അധികാരമുണ്ടായിരിക്കും.

11. മത്സരം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ആര്യവൈദ്യശാലാ ട്രസ്റ്റിബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

കോട്ടയ്ക്കൽ
ജൂൺ 09, 2017

**ആര്യവൈദ്യൻ പി.കെ. വാരിയർ**
മാനേജിങ്ങ് ട്രസ്റ്റി